# *വിരോധവും ആഭാസവും*

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

**1**

വിരുതൻ ലൂക്കോസുസാർ
തൃശ്ശൂരിൽ മണ്ണുത്തി-
“ഫോറം” നോക്കി അലഞ്ഞതും
“ഫാറം” കണ്ടെത്താൻ വലഞ്ഞതും
ഒടുവിൽ സഹമുറിയൻ രാമയ്യർ
“ഫാമെ”ന്നു തിരുത്തിയതും
പഴങ്കടലിലെ പഴങ്കഥ.

**2**

“നെഫ്യു”യെന്നു ദന്തോഷ്ഠ്യങ്ങൾ
ഉരുട്ടിപ്പഠിച്ചതു
“നെവ്യു”യായ് വളർന്നു
വീണ്ടും “നെഫ്യു”യായ് തീർന്നതും
‘ഓഫ്ടെൻ” “ഓഫനാ”യ്
പുനർ കീഴ്മേൽമറിഞ്ഞതും
ഋതുഭേദ സ്വരംപൊഴിച്ചും
ആവർത്തന തളിർരക്ത-
വ്യഞ്ജനം തീണ്ടിയും
ശൈത്യോഷ്ണത്തിമിർപ്പ്!

**3**

ടെക്സാസ്സിലെ ടേക്സിയിൽ
ടെക്സെസ്സെന്ന പാഠഭേദം
ഹൂസ്റ്റെണിൽ ബലികഴിച്ച്
മടങ്ങിപ്പറക്കവേ
മൻഹാട്ടണിൽ
ഹൌസ്റ്റെനെന്ന
തെരുവുതേടി
അലച്ചിൽ
ആത്മാർപ്പണം!

**4**

തുന്നിപ്പഠിച്ച “സ്യൂയിങ്ങ്” യന്ത്രം
“സോയിങ്ങ്” തന്ത്രമായ് ചമഞ്ഞ്

“കേസുകൊടുക്ക”ലും “വിതയ്ക്ക”ലും
കൈരളിപ്പെണ്ണിനു
വാഗ്വാർത്ഥ പിരിമുറുക്കം!

**5**

“രാമൻ” വർണ്ണരാജീരേഖകൾ
“റമൊൺ” സ്പെക്ട്രത്തിൽ
മുങ്ങിത്താഴ്ന്നു മങ്ങിയതു
ഉത്തരധുനാതനം!

**6**

ഏറ്റെകഷ്ടം, ഇഷ്ടനാമം
മലയാളമെന്നുച്ചരിച്ചതിനു
“മല്യാല”മെന്നു ശഠിച്ച്
“ഇഗോ”യും
(“*യു ഗോ*”യുടെ പാഠഭേദം)
“ഏറ്റിറ്റ്യൂഡും”
(“*ലാറ്റി*”റ്റ്യൂഡിന്റെ പാഠഭേദം)
മൊഴിഞ്ഞ്
അഹ(ക)ത്തെ ഹനിക്കും
പ്രക്രിയയല്ലയോ!
*****************************************************